പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2123 — 18.03. 2015 ൽ മറുപടിക്ക്

## കാർഷികാവശ്യത്തിനുള്ള വൈദ്യുതി

ചോദ്യം — ഉത്തരം

ശ്രീ.പി.തിലോത്തമൻ
" കെ.രാജു
" ജി.എസ്.ജയലാൽ
" മുല്ലക്കര രത്നാകരൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കാർഷികാവശ്യത്തിനുള്ള വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വർദ്ധനവ് എത്ര; | (എ) സംസ്ഥാനത്ത് കാർഷികാവശ്യത്തിനുള്ള വൈദ്യുതി നിരക്ക് ഈ സാമ്പത്തിക വർഷത്തിൽ 16.08.2014 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ താഴെകൊടുത്തിരിക്കുന്നു. |

**ലോ ടെൻഷൻ**

| വിഭാഗം | ചാർജ്ജ് | 16.08. 2014 ന് മുമ്പ് | 16.08. 2014 മുതൽ | വർദ്ധനവ് |
|---|---|---|---|---|
| **LT V (A)** ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ മുതലായവയുടെ കൃഷിക്കാവശ്യമായ ജലസേചനം ഡീവാട്ടറിങ്ങ് ലിഫ്റ്റ് ഇറിഗേഷൻ | പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/ കിലോവാട്ട്) | 6.00 | 8.00 | 2.00 |
| | എനർജി ചാർജ് (രൂപ/യൂണിറ്റ്) | 1.50 | 2.00 | 0.50 |
| **LT V (B)** കന്നുകാലി, പന്നി, മുയൽ വളർത്തൽ കേന്ദ്രങ്ങൾ, പട്ടുനൂൽ പുഴ വളർത്തൽ കേന്ദ്രങ്ങൾ മുതലായവ | പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട് ) | 6.00 | 8.00 | 2.00 |
| | എനർജി ചാർജ് (രൂപ/യൂണിറ്റ്) | 2.00 | 2.50 | 0.50 |

എന്നാൽ LT V (A) വിഭാഗത്തിൽപ്പെടുന്ന കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് 01.07.2012 മുതൽ സബ്സിഡി നൽകിവരുന്നു.

**ഹൈ ടെൻഷൻ**

| വിഭാഗം | ചാർജ്ജ് | 16.08.2014 ന് മുമ്പ് | 16.08.2014 മുതൽ | വർദ്ധനവ് |
|---|---|---|---|---|
| HT V (A) | പ്രതിമാസ ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ.) | 165 | 170 | 5 |
| | എനർജി ചാർജ് (രൂപ/യൂണിറ്റ്) | 1.80 | 2.80 | 1.00 |
| HT V (B) | പ്രതിമാസ ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ.) | 165 | 170 | 5 |
| | എനർജി ചാർജ് (രൂപ/യൂണിറ്റ്) | 2.30 | 3.30 | 1.00 |

(ബി) കാർഷികാവശ്യം എന്ന നിർവ്വചനത്തിൽ ഏതെല്ലാം വിളകളാണ് ഉൾപ്പെട്ടിരിക്കുന്നത്, ഇതിൽ നിന്ന് ഏതെല്ലാം വിളകളെ ഇപ്പോൾ ഒഴിവാക്കി ;

(ബി) സംസ്ഥാനത്ത് കാർഷികാവശ്യത്തിനുള്ള വൈദ്യുതിയെ രണ്ട് താരിഫ് വിഭാഗങ്ങളായി തരം തിരിച്ചാണ് ബില്ല് ചെയ്യുന്നത്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ഒന്നാമത്തെ താരിഫ് വിഭാഗത്തിൽ (ലോ ടെൻഷനിൽ LT V (A), ഹൈ ടെൻഷനിൽ HT III (A)), പഴങ്ങൾ, പച്ചക്കറികൾ, പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ മുതലായ ഭക്ഷ്യവിളകളുടെ കൃഷിക്കാവശ്യമായ ജലസേചനം, ഡീ വാട്ടറിങ്ങ്, ലിഫ്റ്റ് ഇറിഗേഷൻ എന്നിവ ഉൾപ്പെടുന്നു.

രണ്ടാമത്തെ താരിഫ് വിഭാഗത്തിൽ (ലോ ടെൻഷനിൽ LT V (B), ഹൈ ടെൻഷനിൽ HT III (B)) കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾ, പട്ടുനൂൽ പുഴു വളർത്തൽ കേന്ദ്രങ്ങൾ, അക്വാ കൾച്ചർ, ഫ്ലോറി കൾച്ചർ, ടിഷ്യു കൾച്ചർ, മഷ്റൂം കൾച്ചർ, അലങ്കാര മത്സ്യ വളർത്തൽ കേന്ദ്രങ്ങൾ ചെമ്മീൻ വളർത്തൽ കേന്ദ്രങ്ങൾ, മുയൽ/പന്നി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

| | |
|---|---|
| | എന്നാൽ കുരുമുളക്, ഏലം, കാപ്പി, തേയില തുടങ്ങിയ നാണ്യവിളകളെ 14.08.2014 ലെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ താരിഫ് പരിഷ്കരണ ഉത്തരവ് വരെ ഒരു പ്രത്യേക കാറ്റഗറിയിലും ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ LT V (A) യിൽ ഉൾപ്പെടുത്തി ബില്ല് ചെയ്യുകയായിരുന്നു. എന്നാൽ 14.08.2014 ലെ താരിഫ് പരിഷ്കരണ ഉത്തരവിലൂടെ നാണ്യവിളകളുടെ താരിഫ് വ്യാവസായിക താരിഫിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (സി) പ്രസ്തുത ആവശ്യത്തിനുള്ള വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതും സബ്സിഡി നിറുത്തലാക്കിയതും കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കർഷകരെ രക്ഷിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശി- ക്കുന്നതെന്ന് വിശദമാക്കുമോ? | (സി) LT V (A) വിഭാഗത്തിൽ ഉൾപ്പെട്ട കാർഷികാവശ്യത്തിനുള്ള വൈദ്യുതിക്ക് യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ 01.07.2012 മുതൽ നൽകിവരുന്ന ഗവൺമെന്റ് സബ്സിഡി ഇപ്പോഴും തുടർന്നുവരുന്നു.<br>നാണ്യവിളകളുടെ താരിഫ് വ്യാവസായിക താരിഫിലേയ്ക്ക് മാറ്റം ചെയ്തപ്പോഴുണ്ടായ ബുദ്ധിമുട്ടുകളെപ്പറ്റി വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ കർഷകർ കത്തു മുഖേന ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br>സംസ്ഥാനത്ത് വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ആകയാൽ വൈദ്യുതിനിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ